ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്
രജി. ഓഫീസ് XIV/130, കോടിമത
കോട്ടയം സൗത്ത്പി.ഒ, പിൻ– 686013
ഫോൺ:0481- 2567103, 2566882
Web:www.oilpalmindia.com

OP/PO/2210 06-12-2024

**ഇ-ടെൻഡർ നോട്ടീസ്**

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് ഏരൂർ എസ്റ്റേറ്റ് സി ഡിവിഷനിലെ 1-ാം നമ്പർ ഫീൽഡിലെ 92.5 ഹെക്ടർ സ്ഥലത്ത് കാടുവെട്ട് യന്ത്രം ഉപയോഗിച്ച് (മെക്കാനിക്കൽ വീഡിങ്) കാടു വെട്ടി വൃത്തിയാക്കുന്നതിനും വെട്ടി ഇട്ടിരിക്കുന്ന പനമടലുകൾ മുറിച്ച് നാലു നാലു പനകളുടെ ഇടയ്ക്കായി അടുക്കി വയ്ക്കുന്നതിനുമുള്ള ഇ-ടെൻഡർ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

**വ്യവസ്ഥകൾ**

1. മേൽ പറഞ്ഞ ഫീൽഡിലെ (YC-1) കളകൾ കാടുവെട്ട് യന്ത്രം ഉപയോഗിച്ച് തറ നിരപ്പോട് ചേർത്ത് വെട്ടിമാറ്റേണ്ടതും, കാടുവെട്ടുന്ന ഏരീയകളിൽ ഉള്ള പനമടലുകൾ അരിവാൾ കൊണ്ട് മുറിച്ച് നാലു പനകളുടെ ഇടക്കായി വൃത്തിയായി അടുക്കി ഇടേണ്ടതുമാണ്.

2. മേൽ പറഞ്ഞ രീതിയിൽ കാടുവെട്ടു ജോലികൾ ചെയ്തു തീർക്കുന്നതിന് ഒരു **ഹെക്ടറിനുള്ള നിരക്കും** വെട്ടി ഇട്ടിരിക്കുന്ന പനമടലുകൾ മുറിച്ച് അടുക്കി വെക്കുന്നതിന് **ഒരു ഹെക്ടറിനുള്ള നിരക്കും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.**

3. ടെൻഡറിൽ ലഭിക്കുന്ന നിരക്കുകൾക്ക് അനുസൃതമായി രണ്ടു ജോലികളുടെയും അനുമതി ഒരു വ്യക്തിക്കോ, വ്യത്യസ്ത വ്യക്തികൾക്കോ കൊടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കമ്പനിയിൽ നിക്ഷിപ്തമാണ്.

4. ഇ-ടെൻഡർ 17-12-2024 ചൊവ്വാഴ്ച 3.00 PM വരെ നൽകാം. 18-12-2024 ബുധനാഴ്ച 3.00 PM ന് തുറക്കുന്നതായിരിക്കും.

5. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർ ടെൻഡർ ഫീ ആയി 1,750 /-രൂപയും നിരതദ്രവ്യമായി 18,500/- രൂപയും അടക്കേണ്ടതാണ്.

6. കാടുവെട്ടുന്നതിനുള്ള ഉപകരണങ്ങളും, അനുബന്ധ സാധന സാമഗ്രികളും കരാറുകാരൻ കരുതേണ്ടതും, അതിന്റെ പരിപാലനവും സൂക്ഷിപ്പും കരാറുകാരനിൽ നിക്ഷിപ്തവുമായിരിക്കും.

7. ജോലികൾ നടക്കുമ്പോൾ കമ്പനിവക വസ്തുക്കൾക്ക് /ആളുകൾക്ക് യാതൊരു വിധ നാശനഷ്ടവും വരുത്തുവാൻ പാടുള്ളതല്ല. ഇപ്രകാരം സംഭവിച്ചാൽ ആയതിന് കോൺട്രാക്ടർ ഉത്തരവാദി ആയിരിക്കുന്നതും, നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
8. വർക്ക് ഓർഡർ ലഭിച്ച് 3 ദിവസത്തിനകം 37,000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 500/-രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്.

9. എഗ്രിമെന്റ് വെച്ച് 60 ദിവസത്തിനകം പണികൾ പൂർത്തിയാക്കേണ്ടതാണ്.

10. ടെൻഡർ പ്രകാരമുള്ള ജോലി 60 ദിവസത്തിനകം പൂർത്തിയാക്കാത്തപക്ഷം പിന്നീടുള്ള ഓരോ ദിവസത്തിനും Rs 500/- രൂപ പിഴ ഈടാക്കുന്നതാണ്.

11. ഏതെങ്കിലും കാരണവശാൽ നിർദിഷ്ടസമയത്തിനുള്ളിൽ ജോലി തീർക്കാതെ വരികയോ ജോലിയിൽ വീഴ്ച വരുത്തുകയോ ചെയ്താൽ മാനേജ്മെന്റ് മറ്റുവിധത്തിൽ ജോലി തീർക്കുന്നതും തന്മൂലമുണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കുന്നതുമാണ്.

12. എസ്റ്റേറ്റ് മാനേജരുടെയും അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

13. ഏത് ടെൻഡറും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം മാനേജ്മെന്റിന് ഉണ്ടായിരിക്കുന്നതാണ്.
14. ആവശ്യമെന്ന് കണ്ടാൽ നിരക്കിന്റെ കാര്യത്തിൽ സന്ധിസംഭാഷണം നടത്തുന്നതാണ്.
15. ടെൻഡറുമായി ബന്ധപ്പെട്ട എല്ലാ നിയമനടപടികൾക്കും കോട്ടയത്തുള്ള കോടതികളെ സമീപിക്കേണ്ടതാണ്.
16. ഇടെൻഡറിൽ പങ്കെടുക്കുന്നതിനായി www.etenders.kerala.gov.inഎന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.
17. കൂടുതൽ വിവരങ്ങൾ എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

    ഫോൺ: കോട്ടയം- 0481-2567104, 9745766464

    ഏരൂർ - 9745766466

ഒപ്പ്

**സീനിയർ മാനേജർ (പ്രോജക്ട്സ്**